ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെകാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക്ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-6512/2013/സിഇ/തസ്വഭവ

തീയതി : 08.02.2016

# സർക്കുലർ

"PRICE" സോഫ്റ്റ് വെയർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് "PRICE" ഓഫീസിൽ വച്ച് പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് ചീഫ് എഞ്ചിനീയർ, എൻ.ഐ.സി ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുതലായവരുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ, മുനിസിപ്പൽ കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സ്റ്റാഫ് പാറ്റേൺ (ORGANOGRAM) എത്രയും പെട്ടെന്ന് ഹാജരാക്കണമെന്ന് അറിയിച്ചിരിക്കുന്നു. പ്രധാനമായും കോർപ്പറേഷനുകളിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരെ എങ്ങനെ വിന്യസിച്ചിരിക്കുന്നു എന്ന് കൃത്യതയോടെ വിശദീകരിക്കണം എന്ന് അറിയിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ കൊച്ചി കോർപ്പറേഷൻ ഒഴികെ മറ്റ് കോർപ്പറേഷനുകൾ ഒന്നും തന്നെ ഇതുവരെ നടപടികളൊന്നും എടുത്തിട്ടില്ല എന്ന് മനസ്സിലാക്കുന്നു. ആയതിനാൽ ഇതുവരെ ഈ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത മുനിസിപ്പൽ കോർപ്പറേഷനുകൾ അവരവരുടെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരെ കുറ്റമറ്റ രീതിയിൽ വിന്യസിച്ച്, അവരുടെ പെൻ നമ്പർ, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവയടങ്ങിയ ലിസ്റ്റ് 12/02/2016, 15/02/2016 എന്നീ തീയതികളിൽ ഏതെങ്കിലും ദിവസം ഈ ഓഫീസിൽ നേരിട്ടെത്തിക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

കൂടാതെ കൊല്ലം, കോഴിക്കോട് ഒഴികെയുള്ള കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുടെ യൂസർ നെയിം ക്രിയേറ്റ് ചെയ്യുന്നതിനുവേണ്ടി അവരുടെ പെൻ നമ്പർ, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവയടങ്ങിയ വിവരങ്ങളുമായി ഡാറ്റാ എൻട്രി നടത്താൻ പ്രാപ്തിയുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ ഈ ദിവസങ്ങളിൽ ഇവിടേക്ക് ചുമതലപ്പെടുത്തേണ്ടതുമാണ്.

ചീഫ്എൻജിനീയർ

P 300